**VIJNANABHAVAN - KOTHAMANGALAM**

**FIRST SEMESTER EXAMINATION 2023 - 2024**

STD XII | Time : 2 hrs.
15.10.2023 | Marks : 70

Name ........................................................................................

ID No ........................................................................................

House Name ........................................................................................

Division ........................................................................................

Parish ........................................................................................

| Written Exam | |
|---|---|
| 70 | |
| **Viva Exam** | |
| 20 | |
| **Total Marks** | |
| 90 | |

**ശരിയായ ഉത്തരത്തിന്റെ കോളത്തിൽ ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 x 1 = 10)

1 'ദൈവമേ, നീ എന്നെ നിനക്കായി സൃഷ്ടിച്ചു നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും.' ഇത് ആരുടെ ആത്മകഥയിലെ വാക്യമാണ്?

☐ വി. അത്തനേഷ്യസ് ☐ വി. അക്വിനാസ് ☐ വി. ആഗസ്തീനോസ്

2 മനുഷ്യൻ തന്റെ ബുദ്ധികൊണ്ട് കണ്ടെത്തുന്ന അറിവിന് പൂർണ്ണത കൊടുക്കാൻ അവനെ സഹായിക്കുന്ന ഘടകമാണ്

☐ യുക്തി ☐ വിശ്വാസം ☐ സ്നേഹം

3 "അതിശയോക്തി നിറഞ്ഞ സ്വയം മതിപ്പാണ്"

☐ അധികാരമോഹം ☐ ഉപഭോഗതൃഷ്ണ ☐ വ്യർത്ഥാഭിമാനം

4 ക്രിസ്തീയ ജീവിതം സാത്താനും അവന്റെ ശക്തികൾക്കുമെതിരെയുള്ള ഒരു പോരാട്ടമാണെന്ന് നമ്മെ അനുസ്മരിപ്പിക്കുന്നത് ആരാണ്?

☐ വി. തോമ്മാ ☐ വി. യാക്കോബ് ☐ വി. പൗലോസ്

5 ലോകചരിത്രത്തെയും മനുഷ്യ സംസ്കാരത്തെയും ഏറ്റവും അധികം സ്വാധീനിച്ച ഒരു ഗ്രന്ഥമാണ്

☐ ബൈബിൾ ☐ ഭഗ്വത്ഗീത ☐ ഖുറാൻ

6 ദൈവം തന്റെ സ്നേഹവും കാരുണ്യവും ആദ്യമായി വെളിപ്പെടുത്തിയത് ഏങ്ങനെയാണ്?

☐ വചനത്തിലൂടെ ☐ അത്ഭുതങ്ങളിലൂടെ ☐ സൃഷ്ടികർമ്മങ്ങളിലൂടെ

7 ജനാധിപത്യക്രമം നിലനിൽക്കുന്ന സമൂഹത്തിൽ ന്യൂക്ലിയർ ബോംബിനേക്കാൾ ശക്തിയുള്ള ആയുധമാണ്

☐ രാഷ്ട്രീയം ☐ ശാസ്ത്രം ☐ മാധ്യമങ്ങൾ

8 ഭാരതത്തെ സ്നേഹിക്കുകയും എല്ലാ മതസ്ഥരെയും സമഭാവനയോടെ കാണുകയും രാഷ്ട്ര നിർമ്മിതിയിലും സമൂഹനിർമ്മിതിയിലും സുപ്രധാനമായ സംഭാവന നൽകുകയും ചെയ്ത ഒരു സമൂഹമാണ്

☐ ഹൈന്ദവ സമൂഹം ☐ ക്രൈസ്തവ സമൂഹം ☐ മുസ്ലീം സമൂഹം

9 പൊതുതാല്പര്യത്തിന്റെ ഏറ്റവും മികച്ച കാവലാൾ എന്ന സുന്ദരമായ നിർവചനം കൊടുത്തിരിക്കുന്നത് ഏതിനാണ്?

☐ ജനാധിപത്യം ☐ നിയമ നിർമ്മാണം ☐ മാധ്യമങ്ങൾ

10 പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ്

☐ വിശ്വസ്തത ☐ ആത്മശക്തി ☐ ദാനധർമ്മം

**ഒരു വാക്കിൽ ഉത്തരം എഴുതുക.** (5 x 2 = 10)

11 മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കും സമൂഹത്തോട് വലിയ കടമകളുണ്ടെന്ന് നിരന്തരം ഓർമ്മിപ്പിച്ച പത്രാധിപർ.

12 ഗോരഖ്പൂർ രൂപതയുടെ നിയുക്ത മെത്രാനാണ്

13 ബൈബിളിലെ പുസ്തകങ്ങളെ വാക്യങ്ങളായി തിരിച്ചത് ആരാണ്?

14 2023 സെപ്റ്റംബർ 22-ന് ഫ്രാൻസീസ് പാപ്പ സന്ദർശിച്ച രാജ്യം.

15 പ്രധാന പുണ്യപ്രവർത്തികൾ ഏതെല്ലാം?

**യോജിച്ചവ ചേർത്തെഴുതുക.** (5 x 1 = 5)

| | A | | B |
|---|---|---|---|
| 16 | കുഷ്ഠരോഗാശുപത്രി | ........................ | മാധ്യമം |
| 17 | വിവേകം | ........................ | പെന്തക്കോസ്തൽ സഭ |
| 18 | കാൽവനിസം | ........................ | പുണ്യം |
| 19 | ഔദാര്യം | ........................ | സുകൃതം |
| 20 | ജനാധിപത്യത്തിന്റെ നാലാം തൂണ് | ........................ | ഗ്രീൻ ഗാർഡൻസ് |

**ദൈവവചനം പൂർത്തിയാക്കുക.** (3 x 3 = 9)

21 "നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങളുണ്ടാകാൻ ........................

........................................................................

........................................................................

........................................................................

........................ അവിടുന്ന് നിങ്ങൾക്ക് നൽകും" (1 കോറി. 10:13).

22 "ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചതിൽനിന്ന് വ്യത്യസ്തമായ........................

........................................................................

........................................................................

........................ അവൻ ശപിക്കപ്പെട്ടവനാകട്ടെ" (ഗലാ. 1:8-9).

23 "അതിനാൽ സത്യം കൊണ്ട് അരമുറുക്കി........................

........................................................................

........................................................................

........................................................................

........................ ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ" (എഫേ. 6:14-17).

**മൂന്നോ നാലോ വാചകത്തിൽ ഉത്തരമെഴുതുക.** (4 X 4 = 16)

24 ജനാധിപത്യ രാജ്യത്ത് സമൂഹത്തിന്റെ രക്ഷയ്ക്കും അതിജീവനത്തിനും മാധ്യമങ്ങൾക്ക് ആവശ്യമായ അവകാശങ്ങൾ ഏതെല്ലാം?

25 ഇതരമതസമൂഹങ്ങളോട് ക്രൈസ്തവ സഭയുടെ സമീപനം എങ്ങനെ ആയിരിക്കണം എന്ന് വിശദമാക്കുക.

26 'ഭൗതികവാദം' ക്രൈസ്തവ വിശ്വാസത്തിന് എതിരാകുന്നത് എന്തുകൊണ്ടാണ്?

27 അവിശ്വാസിയായ നിങ്ങളുടെ ഒരു സുഹൃത്തിനെ വിശ്വാസത്തിലേക്ക് നയിക്കുവാൻ നിങ്ങൾ പങ്കുവയ്ക്കുന്ന വിശ്വാസാനുഭവങ്ങൾ തയ്യാറാക്കുക.

**അരപ്പേജിൽ ഉത്തരമെഴുതുക.** (4 X 5 = 20)

28 ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം എഴുതുക.

29 കേരളത്തിലെ പ്രധാനപ്പെട്ട വാർത്താ ചാനലുകൾ ഏതൊക്കെയാണ്? ഓരോന്നിന്റെയും പ്രത്യേക അജണ്ടകൾ ഏതെല്ലാമാണ്? വിവരിക്കുക.

30 ബൈബിൾ വ്യാഖ്യാനിക്കുമ്പോൾ പാലിക്കേണ്ട തത്വങ്ങളെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ ഏതെല്ലാമാണ്? വിശദമാക്കുക.

31 ഒരു ക്രൈസ്തവ യുവാവ് എന്ന നിലയിൽ ഈ കാലഘട്ടത്തിൽ തിന്മയുടെ ശക്തിയെ തോൽപ്പിക്കാൻ നിങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?